പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1053/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘ ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ജനുവരി 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിലെ (ഐഎ) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ, "രണ്ട് വർഷം" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. സാധൂകരിക്കൽ.—2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസിന്റെ (2022-ലെ 11-ാം നമ്പർ ഓർഡിനൻസ്) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായി ത്തീർന്നിരുന്നാൽ തന്നെയും.—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്യാമായിരുന്ന അഥവാ എടുക്കാമായിരുന്ന എന്നതുപോലെ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് (2021-ലെ 34-ാം ആക്റ്റ്) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ 2(ഐഎ) വകുപ്പിന്റെ ക്ലിപ്തനിബന്ധന ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു: "എന്നാൽ ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗം 14 എ വകുപ്പിൻ കീഴിലുള്ള പ്രമേയം പാസ്സാക്കാത്തപക്ഷം, അത് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതി മുതൽ രണ്ട് വർഷം വരെയോ അല്ലെങ്കിൽ 74 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) ഖണ്ഡങ്ങൾ പ്രകാരം രജിസ്ട്രാർ നടപടി പൂർത്തിയാക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം തുടരുന്നതാണ്." ഈ ഭേദഗതി ആക്റ്റിന്റെ പ്രാബല്യതീയതി 2022 ജനുവരി 13 ആണ്. ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഓർഡറും സ്റ്റാറ്റസ് കോ ഓർഡറും തുടരുന്നതിനാൽ മുകളിലെ ക്ലിപ്തനിബന്ധനയിൽ പ്രസ്താവിച്ച രണ്ട് വർഷക്കാലാവധിക്കുള്ളിൽ സംയോജന നടപടികൾ പൂർത്തിയാക്കാൻ സഹകരണ സംഘ രജിസ്ട്രാറിന് സാധിച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത കാലാവധിയായ "രണ്ട് വർഷം" എന്നത് "മൂന്ന് വർഷം" ആയി നീട്ടുന്നതിന് സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് ബഹു. കേരള ഗവർണ്ണർ 2022 ജനുവരി 13-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2022-ലെ 1-ാം നമ്പർ ഓർഡിനൻസായി 2022 ജനുവരി 13-ാം തീയതിയിലെ 169-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 88-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2022 ഫെബ്രുവരി 18-ാം തീയതി ആരംഭിച്ച് 2022 മാർച്ച് 18-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2022 മാർച്ച് 31-ാം തീയതി ബഹു. കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2022-ലെ 11-ാം നമ്പർ ഓർഡിനൻസായി 2022 മാർച്ച് 31-ാം തീയതിയിലെ 1094-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 113-ാം നമ്പർ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2022 ജൂൺ 27-ാം തീയതി ആരംഭിച്ച് 2022 ജൂലൈ 21-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിലും അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞില്ല.

6. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുഛേദം (2)-ാം ഖണ്ഡം (ക) ഉപഖണ്ഡപ്രകാരം, ഗവർണ്ണർ, പ്രസ്തുത ആർട്ടിക്കിൾ പ്രകാരം വിളംബരപ്പെടുത്തിയ ഒരു ഓർഡിനൻസ് നിയമസഭയുടെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച കാലാവധിക്കു ശേഷം പ്രാബല്യമില്ലാതായിത്തീരുന്നതാണ്. അപ്രകാരം പ്രസ്തുത ഓർഡിനൻസ് 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതുള്ളതിനാലും, പ്രസ്തുത ഓർഡിനൻസിന്റെ കാലാവധിയ്ക്കു ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു മുൻപുവരെയുമുള്ള കാലയളവിൽ എടുത്തതായ നടപടികൾക്ക് സാധൂകരണം നൽകുന്നതിനുമായി ഒരു സാധൂകരണ ഖണ്ഡിക 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. എൻ. വാസവൻ

(ശരിതർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പടെയുള്ള അതിലെ അംഗങ്ങൾക്ക് വായ്പ നൽകുന്നതിലേയ്ക്കായി ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെയുള്ളതും, 74 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമോ (1)(എ) ഉപവകുപ്പ് പ്രകാരമോ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തൊട്ടുമുമ്പ് ഈ ആക്റ്റിൻ കീഴിൽ നിലനിന്നിരുന്നതും, അത്തരം ഉത്തരവുകൾ ഹേതുവായി നിലനില്പ് അവസാനിച്ചതുമായ ഒരു കേന്ദ്രസംഘം എന്നർത്ഥമാകുന്നു:

എന്നാൽ ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗം 14 എ വകുപ്പിൻ കീഴിലുള്ള പ്രമേയം പാസ്സാക്കാത്തപക്ഷം, അത് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതി മുതൽ രണ്ട് വർഷം വരെയോ അല്ലെങ്കിൽ 74 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) ഖണ്ഡങ്ങൾ പ്രകാരം രജിസ്ട്രാർ നടപടി പൂർത്തിയാക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം തുടരുന്നതാണ്.

** ** ** **